പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 170 06.01.2014 ൽ മറുപടിക്ക്

ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ; | (എ) | ആറന്മുള വിമാനത്താവളം സ്വകാര്യ മേഖലയിൽ നിർമ്മിക്കുന്ന വിമാനത്താവളമാണ്. ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് കെ.ജി.എസ്. ആറന്മുള ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മിച്ചഭൂമിയായി ഏറ്റെടുത്ത സ്ഥലത്തെ സംബന്ധിച്ച്, ഹൈക്കോടതി ഉത്തരവിനെ തുടർന്ന്, കോഴഞ്ചേരി താലൂക്ക് ബോർഡിന്റെ തീരുമാനത്തിനായി നടപടികൾ തുടർന്നു വരുന്നു. |
| (ബി) | എത്ര ഹെക്ടർ സ്ഥലമാണ് ആയതിനു വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ; ഇതിൽ കരഭൂമി, വയൽ, നീർത്തടങ്ങൾ, ജനവാസമേഖല എന്നിവ എത്ര ഹെക്ടർ വീതമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ പ്ലോട്ട് ഏരിയ 500 ഏക്കർ ആണെന്ന് 18.11.2013- ൽ നല്കിയ പാരിസ്ഥിതിക അനുമതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിമാനത്താവള പദ്ധതിയ്ക്കു വേണ്ടി സ്ഥലം ഒന്നും സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (സി) | പ്രസ്തുത വിമാനത്താവളത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ എത്ര കുടുംബങ്ങളെയാണ് ഒഴിപ്പിക്കേണ്ടി വരുന്നതെന്ന് വിശദമാക്കുമോ ; | (സി) | വിമാനത്താവളത്തിനുവേണ്ടി സർക്കാർ സ്ഥലമൊന്നും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ല. അതുപോലെ തന്നെ ആരേയും നിർബന്ധമായി ഒഴിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിമാനത്താവള നിർമ്മാണ വുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഔദ്യോഗിക നയം വ്യക്തമാക്കാമോ? | (ഡി) | പാരിസ്ഥിതിക പരിഗണനകൾ യഥാവിധി കണക്കിലെടുത്തുകൊണ്ടും, സംസ്ഥാനത്തിന്റെ പൊതുവായ വികസന ത്തിന് വഴിയൊരുക്കുന്നതുമായ വികസന സംരംഭങ്ങൾ സ്വാഗതം ചെയ്യപ്പെടണ മെന്നാണ് സർക്കാരിന്റെ പൊതുവായ നയം. |

സെക്ഷൻ ഓഫീസർ